# A EUNUCH'S DIRGE

**Indu Menon**

Translated by **Jyothsna P.**

The air smelt of green whip-snake. It smelt of a she whip-snake, which fell dead, soon after swaying and mating in the blazing sun. That smells of whip-snake that writhed in pain, getting burnt in the piled up bone meal and urea, in the manure-house floor.

He smelt the stethoscope. Then he smelt the long fingers that reminded of tender lady's finger. He smelt the surgeon's coat. And then he smelt reptile busts of Ayisha, who was undressed for the surgery. Ah… a serpent's odour.

The very same odour. The needle of a clock is the serpent's tongue. It bites us, every second, minute and hour, hissing the poison of memory. It will swing on its tail on the custard-apple tree, like the heart that he had forgotten on its branches, heavy with fruits.

After long six years, he erected once again like a right angle. It was sharp 4.30 pm. He felt for the zip of his pants uneasily. Six years ago he had opened that bundle of sack on such a 4.30 evening. The radioactive dial pad on his watch, emitted ghost light with a growl.

4.30 pm precisely

A small hillock of bone meal in the partially darkened garden-tools' and manure house of Dr. Charulakshmi. There was the stinking pile of the excreta of the cock and burning urea. Like a cat after it is done first he scratched the excreta. And then he wildly dug the urea and manure. He leveled the pile and then pulled out the

sack from the corner. It was a plastic sack, which had the colour of ripening plantain. It was written 'factum fosse 20 20 chemical fertilizer' on it in bold red letters. Charu's tiny hands adorned with little red crystal bangles, peeped out of the suthali covered mouth of the sack, as if calling out "oh my dad…" Rajeev pulled opened the mouth of the sack. Where he couldn't snip open was tore broken with his teeth. Charu's skin had already got burned in burning heat of bone meal and it stood stuck up at the unfolded mouth of the sack like a piece of *puri* sticking on to ones lips. The rotten skin smelt horrible than the bone meal. Charulakshmi lay there collapsed like a dead embryo. In deep agony he tried to clean the rheum in her bruised left eye.

But he cried frantically on realizing that it wasn't the rheum, but the worms, that were about to cover her corpse.

"Oh my…my little angel..."

He ran his fingers through every inch of her. They ran on her butterfly structure, and in the dampness of her twin plaited ribbon tied hair. Charu's hair was covered with her tears, blood, body fluids, and fertilizers. He couldn't recognize the colour of her hair. Charu's mouth was thrust with the white petticoat she usually wears. There were infinite scares on her tiny marble thighs as if scribbled with a red ink pen. The bells and beads on the five metal hips chain that *amma* had tied around her hung broken, like a hang man's knot. On her right hand, were a dry bouquet made up of *thuja* leaves and orchids. He scooped her in his arms.

"No…no…doctor."

The inspector caught hold of Rajeev.

'I needn't explain this to you doctor. The evidences…"

He looked at the constable in a gesture. One of them tried to pull the corpse away from him.

"Oh…my…my..."

Like a madcap, Rajeev hit his hard on the wall. He held Charu close to his heart in procession, the vivid colours of the wild blooms out in the rain pierced his eyes. The frightened leaves shuddered in the rain. In the lawn were the giant jasmines that peaked up their petals when got wet. Also there stood elephant hibiscus that reminded of blood stains. Rajeev fell on to the floor headlong with eyes reddened with darkness. Bone meal smoked up with a thud, like the morning mist. Rotten flesh flaked out of Charu's corpse that fell on to his bust. The flakes fell on the dead green whip-snake.

The air smelt of *sarppagandhi*. The serpentia-blooms that swayed opened, bathed in turmeric, lime, and milk. The leaves blushed in violet veins. The *sarppagandhi* was adorned with seedling beads, which danced in the *aathira* breeze that blew in the month of *edava,* rubbing behind the serpent goddess.

He smelt the serpent's ruby in her navel. He smelt the warm heart beats between her breasts. He smelt the olive coloured body hairs. He wondered how everything about her smelt the serpent. She seemed to be a naked demigoddess; a serpent goddess. The evening rays that moved across the peach window curtains brightened her serpent bangles, spreading soft golden rays. While leaning his cheeks against the ripe fruits of the serpentia-blooms he realized that Charulakshmi was never a human in bed. She was a serpent goddess who entangled and swayed, hissed and then moulted.

Frequently she lisped in her broken voice, clinging on to the pillow cover like a lunatic.

"See, here…here…"

He got frightened when she touched the lower lip.

"See, here…press hard…"

She moaned in ecstasy, caressing the love bites on her busts.

"Raju, how did you feel when you knew that I am a married woman?"

He raised his head from her breast. He tasted the sourness of self-contempt.

"To kill you…to kill you…"

He held her tight. With a terrible pain he tightened the crab legs. His throat burned.

"And then…then..Did you hate me immensely?"

Her eyes wandered as if to bloom or shed those serpent blooms.

The air smelt the newborn. The atmosphere was impregnated with the primitive smell of amniotic-fluid, internal blood and human body. It smelt the umbilical cord. It smelt the breasts oozing with colostrums. The smell of womanhood revealing the secrets behind her wide spread legs. It unveiled the truth of blooming black head between them. Rajeev cried his heart out in the maternity ward.

Time-4.30 pm

"Pardon me Raju. Dr.Mridula held Raju's arms.

"But what I said is true. She had aborted thrice with her husband's concern."

" Husband??" His eyes widened in wonder.

"Yes. He is not her father as either of us doubted. He is her husband…"

She extended the hospital documents to him.

The image of Charulaksmi pulling close the door of an benz car, which reminded of a grey whiskered cat. Then was a Cat-eyed colonel who reminded of a Siamese cat.

"It's my father…"

Charulakshmi's eyes did not reflect the lie when she lowered her voice.

There are certain orchids, which plunge their roots deep only into the trees and grow clinging on them. Did Charu thrust her roots deep into my heart in such a manner? Charulakshmi,; she was a person who would get broken, fade out and lack luster in just a single word. She was a love-rose who would bloom for the world at a single look of mine.

"Raju, I believe she has got some issues." pulling the green curtains of the ward, Ramakrishna Pai whispered a secret into my ears.

"A mysterious sort…"

Mysterious charulakshmi. Flowers were her passion. Like a flowery witch hiding mysterious secrets, came she always, wearing rare blossoms. And lulled towards her charm, like strange bees, young men flew around her. She bewildered every one with her invulnerable secrecies, that couldn't be explored by any of the bee-smiles. Acres of orchid meadows condensed in lavender ground.Orchid purple blushed; tulip yellows sprouted. Lorries from far away states came crossing her gate, to explore her flower garden that had been hiding the secrets of the universe. From the post-mortem room, like the chrysanthemums that felt beyond the unpleasant odour of death, she glanced every now and then at Rajeev with her flushed cheeks. He too loved her feverishly.

"No...No hatred, I haven't hated you…promise."

Rajeev spread the *kumkum* on her forehead.

"Aren't you lying?"

She rubbed her nose against his like a bird.

"Honestly…

Otherwise why should I name my daughter with yours?"

'Hmmm…Raju I was just a piece of property to be mortgaged… yes.. I was…"

She heaved a sigh and the breath was hot.

Yes, and that was true. She was a lively utensil to be mortgaged. Rajeev nodded. In their last meeting, she had stood with a bent head behind a husband elder than her father. More than the feeling of guilt or embarrassment her face radiated a sort of terrible pain then. The tamilians filling flowers in the lorries looked at Rajeev as if he is an alien. In the middle of that country side exhibiting acres of orchids, and clock shaped house,he stood pale and perplexed.

Smells do articulate with humans. Smells give you hints. The primeval stench of the Tamil workers sweat disclosed to him dangerous hints. The warmth of the sweet kiss that Charu gifted him in the cancer patients' radiation room, still burnt in him. The love bites she printed on his lips gave him a painful pleasure. His lips shivered like the tender leaves burnt in acid fall.

Charulakshmi was shuddering. She shuddered at the thought of the punishment she is going to receive after the death trial of love. Gardener Alavi stood a few feet behind Rajeev chewing the pan. His ugly yellow protruding teeth teasingly stared at her. She fearfully looked at Rajeev before being manure to the Orchids. She had heard her father say that there are numberless humans who have crumbled down into bone meal , un noticed into the bone- heaps of manure house. In the clucking of the bones the loud moans of innumerable invisible souls echoed in her ears like wailing.

Raaa …Raaa… words powdered like petals. Mouth was turbulent. Alphabets got disordered. Charulakshmi stood helpless forgetting words, expressions. When colonel went to pick the phone she tried to speak frantically.

"I cost a four and a half lakh…I am just a bond of security." Her face got pale in fear of death. Voice cracked.

It all happened when the father who was the colonel's clerk committed suicide hanging himself death. "Mother was just 40. Still young. Three younger sisters… so when colonel suggested such a matter thought it a better alternative to five women surrendering to death or becoming whores. Helplessness of a 16 year old… little fishes throbbed in her eyes.

"I became colonel's 5th legal wife."

That was the courage of the 16year old. She lay in the mating room of an old man, like an immature doll, building an invisible barrier around her. Between passion and lust, the colonel pampered her cheeks looking at her helpless childish innocence.

"Colonel is a millionaire. Nobody ever discards an invitation to own his child." She hugged Rajeev tight.

"If I hadn't met Rajeev me too…"

In a deep sigh her maple leaf belly shrunk. The body and skin flamed in blazing love." Raju, my love for you during those days were like that of a hyena. Stealthily, eating the leftovers. Still colonel found it out." Yes Charulakshmi is a fairy casting a magic spell. Her shoulders were shining as if bathed in the moonshine. Her breasts were damp as if wet in rain.

"He knew everything,. His dying words said, "I have seen many lives my child…"

He held my hands tight, affectionately." Please pardon me dear.

I never wanted to spoil your life. I loved you more than anybody else. That's why I possessed you."

Charulakshmi's lips reddened in an unknown pain.

" I hated him like hell. Still at times I felt immense love towards him." Rajeev felt that a good majority of men were fools enough to believe that the women closed their eyes in rapture during copulation. Hatred, self-contempt, abhorrence, pain…what might have been hanging up inside the darkness of Charu's closed lids? Three infants that got sacrificed in the fairy's spell, silently floated through the labour room's drainage, like scattered thoughts. Rajeev tried in vain to remember the innocence of a 20 yr old lady ,who, with rejection and inner armour hid love in one half of the heart and extended to him in excess, in the other half.

The clock struck Beethovan's fifth symphony like a broken lizard-tail.

Time, was 4.30 pm.

"Raju, he knew everything. Everything about you… our secret love, your pain, your marrying Mridula.

He even knew you named your daughter with my name. He was even sympathetic enough to console me on your wedding day. Charulakshmi hid her face between her knees.

"Enough of the old tales. it is just the third day after marriage. Rajeev ,like an angler, hooked her lips in his. He opened before her the secret of an a knot that never untie, once hooked up with each other.

"Knock..Knock…" a cute girly knock at the door.

"Dad, this is Charu, please open the door…"she lisped honey-sweet.

"Just a five minutes dear." He panted like the train engine.

"There is a new ball in the yard. Go, play with it."

" No, I shall make a bouquet for the bride and the groom. A wedding bochet.

A floral bouquet … bouquet …a bouquet

The giggling anklet bells faded away running...

Charu left. My little Charu left to collect the flowers.

"Do you know my daughter, Aysha?"

Rajeev slapped her hard on the cheek with his right hand, stuck with betadine.

He pulled up the white gloves. A man's right arm with five penises. With a revengeful attitude burning in his eyes ,he pressed hard upon her breasts.

The room smelt of a thousand dead reptiles. The piercing sharpness of light… Intoxicating anesthetic medicines that Paralyses the veins .He removed the pulsometer that roared like a tiger, from her finger.

Ayisha's eyes filled with tears. But her unforgiving, fuming, darkened, cancerous breasts poked out

They yelled at him. In the heaped up bone-meal, he searched wildly for little Charu's body .

"You know everything, right Ayisha? But you never knew that the gardener Alavi is your father. That son of a bitch, Alavi.."

He felt like crying his heart out when he thought of Charu. He wept. It flung like crystal rain, sticking on to the mirror glass and

slowly disappearing. It incessantly drenched Ayisha's body.

Six years… how many evenings… how many four thirty ghost -strikes…Rajeev could never lay a hand upon Charulakshmi after that. His hands that awakened the quiescent devotion in her, trembled vulnerably with every touch. While trying to hook the dried up lips, he heard little Charu's anklet bells.

With fresh, damp blood stains, still on her petticoat, she opened her dead mouth.while he tried to hold Charulakshmi's lightning shoulders, Charu's white laughter flashed in the atmosphere. Thereafter, no female physique could arouse Rajeev either in the day,or in the night, during cool breezy times , nor in a roaring down pour. He, consuming medicines to redeem his self confidence, tried in vain to swim towards Charulakshmi like an adventurous voyager; but all the time he found her knocking hard at the door in a hurry.

"knock,knock,knock… Dad...It's me... Your Charu…"

He stood with his head bent down. He melted under the burning heat of Charulakshmi's skin.

He failed shamelessly… disastrously…

"You…you...this hanging thing isn't just to piss out…"

The haughty spirit in her yelled; she felt triumphant at kicking his failure touching with the left hand.

"Can't ever forget ,isn't it?!!! Raju, do you believe that Charu died just because you shared the bed with me? Do you think so..? Tell me..You…you liar… chop this hanging thing and throw it down at any stray dogs."

That was the valour of a hungry tigress. Charulakshmi's nakedness challenged him like a weapon.

An impotent eunuch..Dribbles of spittle darts pierced him at her screaming.

He covered that spirit in his arms and squatted with a bowed head. The shameful sin-flakes of self -contempt, scattered in a through his fingers in a lamenting tone.

'Hey...don't cry, don't cry…"

Ayisha held him close to her sick busts.

"Doctor, wasn't…wasn't that little girl's name Charu? If she were alive, would have been of my age... Isn't it?"

Her tongue was already weakened by anesthesia, and the words scrolled through it like wicked souls.

"After half an hour you will scale this off, isn't it, doctor? Two lumps of meat to be thrown into the garbage. Don't weep…don't weep…"

she touched her cancerous breasts for the last time. Doctor Rajeev took the surgical blade into his rubber gloves. Suddenly he felt the smell of Johnson's baby powder. He smelt the starch of an unbleached petticoat. He smelt the bouquet she made, with her own tender hands, for the groom. He smelt the dry thuja leaves in it.the anklet bells stopped ringing abruptly. Silence...

He shuddered for a moment. Knock…knock…her hands knocked at the door.

"Beloved father..Please open the door…this is your Charu…Charu feels like weeping…"

He heard Charu's cry. He heard the feeble inebriated moans of Ayisha in her drowsiness.

Ayisha's dead breasts shivered in Dr. Rajeev's hand like pieces of

red meat. He frightfully threw them into the formalin solution. They splashed and drowned into the bottom of the bottle. They stood up to the word like the bone-meal heap that covered Charu's corpse. Formalin solution turned red with blood.

The two breasts stared wildly at Rajeev scornfully and indifferently like the eyes of God. Like an impotent failing frantically before a nude female body, wailing pitiably, he continued stitching her body.

## Original Malayalam Story

**ഷണ്ഢവിലാപം**

പച്ചില പാമ്പ് മണക്കുന്നു. വെയിലത്ത് പൊരിഞ്ഞിണ ചേർന്ന ഉടനെ ചത്ത പെൺപച്ചിലപാമ്പ്. എല്ലുപൊടിയും യൂറിയയും കൂനകൂട്ടിയ വളപ്പുരത്തറയിൽ പൊള്ളലേറ്റു പിടഞ്ഞു പച്ചില പാമ്പ്....

*അയാൾ സ്റ്റെത്ത് മണത്തു. ഇളം വെണ്ടപോലെ മൃദുവായ്, നീ വിരലുകൾ മണത്തു. അയാൾ ശസ്ത്രക്രിയാ കോട്ടു മണത്തു. ശസ്ത്രക്രിയക്കായ് നഗ്നമാക്കപ്പെട്ട ആയിഷയുടെ ഉരഗമുലകൾ മണത്തു... ഹാ സർപ്പമണം... അതേ മണം. ഘടികാര സൂചി ഒരു സർപ്പ നാവാണ്. നിമിഷങ്ങളിൽ, മിനിറ്റുകളിൽ, മണിക്കൂറുകളിൽ ഓർമ്മവിഷം ചീറ്റിക്കൊത്തുമത്. അത്തിമരത്തിന്റെ, പഴങ്ങൾ തൂങ്ങിയ ഒരു കൊമ്പിൽ അയാൾ മറന്നുവെച്ച ഹൃദയം പോലെ വാൽചുറ്റിയാടുമത്.*

***സമയം നാലരമണി...***

> *ആറു വർഷങ്ങൾക്കു ശേഷം അയാൾ വീ്ം ഒരു മട്ടകോൺ പോലെ ഉദ്ധരിച്ചു....*
> *"കൃത്യം നാലരമണി" അയാൾ അസ്വസ്ഥതയോടെ പാൻസിന്റെ സിബ്ബുകൾ സ്പർശിച്ചു.*

ആറു വർഷങ്ങൾക്കു മുമ്പ് അയാൾ ആ ചാക്കു കെട്ട് തുറന്നത് ഒരു നാലരമണിക്കാണ്. അയാളുടെ വാച്ചിലെ റേഡിയോ ആക്ടീവ് ഡയൽപാഡുകളിൽ പ്രേതപ്രകാശം മുരളലോടെ പ്രസരിച്ചു.

കൃത്യം നാലരമണി.

ഡോ. ചാരുലക്ഷ്മിയുടെ പൂന്തോട്ടപ്പുരയിലെ പാതിയിരുളിൽ എല്ലുപൊടിയുടെ വലിയ കൂന. കോഴിക്കാഷ്ഠത്തിന്റെ ദുർഗന്ധക്കൂന. യൂറിയയുടെ നീറ്റൽക്കൂന. അയാൾ തൂറിയ പൂച്ചയെപ്പോലെ ഭ്രാന്തോടെ ആദ്യം കോഴിക്കാഷ്ടം മാന്തി. യൂറിയയും വളവും മൂടോടെ മാന്തി. കൂന ചവിട്ടി പരത്തി. ഒടുക്കം എല്ലു പൊടിയുടെ ഒറ്റമുലയിൽ നിന്നും അയാളാ ചാക്ക് വലിച്ചെടുത്തു. ചെറിയ പ്ലാസ്റ്റിക്ക് ചാക്ക്. പഴുപ്പോടിത്തുടിങ്ങിയ നേന്ത്രപ്പഴ നിറം.'ഫാക്ടം ഫോസ് 20.20 രാസവളം' എന്ന ചുവന്ന കട്ടി യക്ഷരങ്ങൾ. മഞ്ഞസുത്തലികൊ് വാമൂടിക്കെട്ടിയിരുന്നെങ്കിലും "അച്ഛാ" എന്ന നിലവിളിയോടെ അവളുടെ കുഞ്ഞുകൈ ചുവന്നകുപ്പിവളക ളോടെ പുറത്തേക്കു നീണ്ടുതന്നെ നിന്നു. അശരണമായ് നിന്നു.

രാജീവ് സുത്തിലി വലിച്ചുപൊട്ടിച്ചു. പൊട്ടാത്തത് കടിച്ച് പ റിച്ചെടുത്തു.എല്ലുപൊടിയുടെ ഉഗ്രമായ ചൂടിൽ വെന്തു തുടങ്ങിയ ചാരു വിന്റെ തൊലി, ചാക്കിന്റെ വിടർത്തിയ വായിൽ പൂരിക്കഷണം പോലെ പറ്റി നിന്നിരുന്നു.. മൃതപ്പഴക്കത്താൽ അത് എല്ലുവളത്തെക്കാൾ നാറി. ഒരു ചത്തുപോയ ഭ്രൂണത്തെപ്പോലെ ചാരുലക്ഷ്മി ഒടിഞ്ഞു മടങ്ങിക്കിടന്നു. അവളുടെ ചതഞ്ഞ ഇടതുകൺപോളയിലെ പീള പ്രാണസങ്കടത്തോടെ അയാൾ വൃത്തിയാക്കാൻ നോക്കി. ആ നുര പീളയല്ല മറിച്ച് അവളുടെ ഉടലിനെ മൊത്തമായ് പൊതിയാൻ തുടങ്ങിയ ശവപ്പുഴുക്കളുടെ കൂട്ടമാ ണെന്നറിഞ്ഞതും അയാൾ നെഞ്ച് പൊട്ടിക്കരഞ്ഞു.

"അയ്യോാാ.... അയ്യോാാ... എന്റെ മോളേ..."

അയാൾ കൈകൊണ്ട് ഓരോയിടമായ് അവളെ തൊട്ടു. ശലഭ ക്കെട്ടിൽ, റിബ്ബൺ മേൽപ്പോട്ടു ചായ്ച്ചുയർത്തിയ ഇരട്ടപിന്നൽ മുടിയുടെ ഈറനിൽ. ചാരുവിന്റെ കണ്ണീരും രക്തവും ശരീരസ്രവങ്ങളും പിന്നെ എല്ലുപൊടിയും ആ മുടിയിൽ മൂടിനിന്നു. മുടിയുടെ നിറമെന്തെന്ന് അയാൾക്ക് തിരിച്ചറിയാനായില്ല. ചാരു പതിവായ് ധരിക്കുന്ന വെള്ളഷി മ്മി[illegible]ുരുട്ടി അവളുടെ വായമർത്തിക്കെട്ടിയിരുന്നു. ചുവന്ന മഷിപ്പേന കൊ[illegible]് കുത്തിവരച്ചപോലെ അവളുടെ തുടകളിൽ അസംഖ്യം മുറിവുകൾ. ഇരുപത്തെട്ടിന് രാജീവിന്റെ അമ്മ കെട്ടിച്ച അരഞ്ഞാണ മണിച്ചരടിലെ കൂച്ചും ഉറുക്കും പഞ്ചലോഹമണികളും ആരാച്ചാർ കുടുക്കുപോലെ പെ ാട്ടിത്തുങ്ങി നിന്നു. അവളുടെ വലത്തേക്കയ്യിൽ ഓർക്കിഡ് പൂക്കളും തൂജയിലകളും ചേർത്തു കെട്ടിയ ബൊക്ക ഉണങ്ങിനിന്നു. അയാളവളെ കോരിയെടുത്തു.

"നോ നോ... ഡോക്ടർ" ഇൻസ്പെക്ടർ രാജീവിനെ വട്ടം ചുറ്റി

പ്പിടിച്ചു.

"ഞാനിത് പറയണോ? ഡോക്ടർ.. തെളിവ്കള്..." അയാൾ കോൺസ്റ്റബിൾസിനു കണ്ണുകാണിച്ചു. അയാൾ ജഡം ഡോക്ടറുടെ കയ്യിൽ നിന്നും വാങ്ങാൻ ശ്രമിച്ചു.

"അയ്യയ്യോ... അയ്യോ..." രാജീവ് ഭ്രാന്തെടുത്ത് തല ചുമരിലിട്ടടിച്ചു. ആരുക്കും തരില്ലെന്ന മട്ടിൽ ചാരുവിനെ ഒന്നുകൂടി നെഞ്ചോടമർത്തിപ്പിടിച്ചു. കണ്ണുകളിൽ, പുറത്ത് മഴയത്ത് വിടർന്ന പൂവുകളുടെ വന്യനിറം കുത്തി. പേടിച്ചപോലെ മഴയിൽ വിറക്കുന്ന ഇലകൾ. നനയുമ്പോൾ കൂമ്പുന്ന പുൽത്തകിടിയിലെ രാക്ഷസമുല്ലകൾ. രക്തത്തെ ഓർമ്മിപ്പിക്കുന്ന ആനച്ചെമ്പരത്തികൾ. രാജീവ് കണ്ണിൽ കുത്തി കൊളുത്തിയ ചുവപ്പോടിയ ഇരുട്ടോടെ തറയിലേക്ക് തലയടിച്ചു വീണു. എല്ലുപൊടി "ഭ്രൂം ഭ്രൂം" എന്ന ശബ്ദത്തിൽ വെളുത്ത പ്രഭാതമഞ്ഞു പോലെ പുകഞ്ഞുപാറി. അയാളുടെ നെഞ്ചിലേക്ക് തന്നെ വീണ ചാരുവിന്റെ ശരീരത്തിൽ നിന്നും അവിടവിടങ്ങളിലായി പഴകിയ മാംസക്കഷണങ്ങൾ അടർന്നു... ചത്തുചുരു് പച്ചിലപ്പാമ്പിന്റെ മേലേക്ക് അവ തൊഴിഞ്ഞു വീണു.

സർപ്പഗന്ധി മണക്കുന്നു. മഞ്ഞളിൽ, നൂറിൽ, പാലിൽ പുളഞ്ഞു വിടർന്ന സർപ്പഗന്ധി. തളിരിലകളിൽ വയലറ്റു ഞരമ്പ് തുടുത്തു. മണിക്കായകളുമായി ഇടവമാസത്തിരുവാതിരക്കാറ്റിൽ നാഗയക്ഷിയുടെ പിൻവശത്ത് ഉരസിയുരസി കാറ്റിലാടിയ സർപ്പഗന്ധി. അയാൾ അവളുടെ പൊക്കിൾ ചുഴിയിലെ നാഗമാണിക്യം മണത്തു. മുലകൾക്കിടയിലെ ഇളം ചൂടുള്ള ഹൃദയമിടിപ്പുകൾ മണത്തു. ഒലിവ് പഴങ്ങളുടെ നിറമോടിയ നേർത്ത ഉടൽ രോമങ്ങൾ മണത്തു. ഹാ സർപ്പമണം. അവളൊരു നഗ്നയക്ഷി. നാഗയക്ഷി. പീച്ച് ജാലകവിരിപ്പരിച്ച പോക്കുവെയിൽ, നേർത്ത സ്വർണ്ണപ്രകാശം ചിതറിച്ച് അവളുടെ സർപ്പവളവുകളെ പ്രോജ്വലിപ്പിച്ചു.

സർപ്പഗന്ധിയുടെ പഴുത്ത കായ്കളിൽ കവിൾ ചേർക്കെ ചാരുലക്ഷ്മി കിടക്കയിൽ ഒരു മനുഷ്യസ്ത്രീയേ അല്ലെന്നയാൾക്ക് ഉറപ്പായി. ചുറ്റിപ്പിണഞ്ഞ് ഇണഞ്ഞ് മുറുകിയയഞ്ഞ് ഉറയൂരുന്ന നാഗയക്ഷി. ഇടക്കിടെ പതറിയ ശബ്ദത്തിൽ താമരക്കുറുമ്പ് കാട്ടി അവൾ കൊഞ്ചും. ഇടക്ക് തലയിണക്കവറിൽ ഭ്രാന്തമായി അള്ളിപ്പിടിച്ച് കെഞ്ചും.

"ദാ ഇബടെ. ഇബടെ." അവൾ കീഴ്ച്ചു് തൊട്ടപ്പോൾ അയാൾ ഭയപ്പെട്ടു.

“ഇബടെ... ഇബടെ... മുറുക്കി... നല്ലോണം മുറുക്കി”. അവൾ നെഞ്ചിലെ പല്ലടയാളത്തിൽ തൊട്ട് വേദനയോടെ പുളഞ്ഞു.

“ന്റെ കല്യാണങ്കഴിഞ്ഞതാന്നറഞ്ഞപ്പോ അന്ന് രാജൂനെന്താ തോന്ന്യേ?”

അയാൾ അവളുടെ നെഞ്ചിൽ നിന്നും മുഖമുയർത്തി. ആത്മനിന്ദ യുടേതായ ഒരുകയ്പ്പ് അയാളുടെ വായിൽ ഊറിക്കുടി..

“കൊല്ലാൻ ... കഴ്ത്ത് ഞെരിച്ച് കൊല്ലാൻ”.

രാജീവ് അവളെ അമർത്തിപ്പിടിച്ചു. ഭയങ്കരമായ ഒരു വേദന വന്ന് ഞ്ണ്ട് കാലിറുക്കി. അയാൾക്ക് തൊ എരിഞ്ഞു.

“എന്നിട്ട്.... ? എന്നെ ഭയങ്കരായ്റ്റ് വെറുത്ത്വോ?” അവളുടെ കണ്ണുകളിൽ നാഗചമ്പകൾ വിടരാനോ കൊഴിയാനോ കാരണം തേടി.

നവജാതമായൊരു ഗർഭഗന്ധം മണത്തു. അമ്നിയോട്ടിക് ജല ത്തിന്റെയും അന്തരരക്തത്തിന്റെയും മനുഷ്യശരീരത്തിന്റേതുമായ ആ മച്ചൂര്. അയാൾക്ക് പൊക്കിൾക്കൊടി മണത്തു. ഇളം മഞ്ഞ പാൽ നിറഞ്ഞ മുലകൾ മണത്തു. രഹസ്യങ്ങളില്ലാതെ വിടർത്തപ്പെട്ട പെൺകാലുകളുടെ പേറ്റ് നോവ് മണത്തു. അവക്കിടയിൽ കറുത്ത പൂവുപോലെ വിടർന്നു വരുന്ന കുഞ്ഞുതലകൾ മണത്തു. പ്രസവവാർഡിൽ നിന്നു രാജീവ് പൊട്ടിക്കരഞ്ഞു.

***സമയം നാലരമണി.***

“എന്നോട് ക്ഷമിക്കൂ രാജൂ” ഡോ. മൃദുല രാജീവിന്റെ കയ്യുകൾ കൂട്ടിപ്പിടിച്ചു.

“പക്ഷെ സത്യാണ്. മൂന്നു തവണ ചാരുലക്ഷ്മി അബോർട്ടിത്ട്ട് ണ്ട്. വിത്ത് ഹർ ഹസ്ബൻഡസ് കൺസന്റ്.”

“ഹസ്ബന്റ്??” അവന്റെ കണ്ണുകൾ മിഴിഞ്ഞു വന്നു.

“അതേ. അയാളവളുടെ ഭർത്താവാണ്. നീയോ ഞാനോ കരുതിയപോലെ അവള്ടെ അച്ഛനൊന്നും അല്ല..” അവൾ ആശുപത്രി

രേഖകളുടെ പുത്തൻ പകർപ്പുകൾ നീട്ടി

നരച്ച വെള്ളിരോമപൂച്ചയെ ഓർമ്മിപ്പിക്കുന്ന പഴയ ബെൻസു കാർ വലിച്ചടക്കുന്ന ചാരുലക്ഷ്മി. സയാമീസ് പൂച്ചയെ ഓർമ്മിപ്പിക്കുന്ന പൂച്ചക്കണ്ണൻ കേണൽ.

"അച്ഛനാ." ശബ്ദം താഴ്ത്തുമ്പോൾ ചാരുലക്ഷ്മിയുടെ കണ്ണുകളിൽ കള്ളം തെളിഞ്ഞില്ല.

ചില ഓർക്കിഡ് ചെടികള്ള് വൃക്ഷത്തിൻമേൽ മാത്രം വേരുപിടിച്ചു വളരുന്നവ. അത്തരത്തിലൊരു പൂവായാണോ അവൾ തന്റെ ഹൃദയത്തിൽ വേരാഴ്ത്തിയത്? ഒരേ ഒരു വാക്കിൽ മുറിഞ്ഞ്, പിണങ്ങി വാടുന്ന ചാരുലക്ഷ്മി. തന്റെ ഒരേ നോക്കിൽ, പ്രപഞ്ചത്തിലെ പ്രേമപുഷ്പമായ് വിടരുന്ന ചാരുലക്ഷ്മി.

"ഏടെ? ഓളിക്കെന്തോ തരാറ് രാജോ."

രാമകൃഷ്ണപൈ വാർഡിലെ പച്ചകർട്ടൻ വിരിച്ചിട്ട്, ചാരുലക്ഷ്മി കേൾക്കാതിരിക്കാൻ സ്വകാര്യം പറഞ്ഞു.

"ഒരു തരം ദുരൂഹത."

ദുരൂഹയായ ചാരുലക്ഷ്മി. പൂവുകൾ ഹരമായിരുന്ന ചാരുലക്ഷ്മി. ഗൂഢമായ രഹസ്യങ്ങൾ പേറിയ പുഷ്പ മന്ത്രജാലക്കാരിയെപ്പോലെ അപൂർവ്വയിനം ഓർക്കിഡുകൾ ചൂടി അവളെന്നും വന്നു. വിചിത്രജാതി വണ്ടകൾ പോലെ ആൺകുട്ടികൾ അവൾക്കു പുറകിൽ പറന്നു. ഒരു ഭ്രമരഹാസത്തിനും തകർക്കാനാകാത്ത രഹസ്യാത്മകതയിൽ അവൾ എല്ലാവരെയും പരിഭ്രമിപ്പിച്ചു. ഏക്കറുകളിൽ വളർന്നുവിടർന്ന പൂപ്പാടങ്ങളിൽ, ലാവന്റർ വയലത്ത് കനത്തു. ഓർക്കിഡ് പർപ്പിൾ തുടുത്തു. ട്യൂലിപ്പ് മഞ്ഞകൾ തളിർത്തു. പ്രപഞ്ചത്തിലെ മുഴുവൻ പുഷ്പരഹസ്യങ്ങളുമൊളിപ്പിച്ച അവളുടെ പൂന്തോപ്പു തേടി അന്യസംസ്ഥാന ലോറികൾ ഗേയ്റ്റു കടന്നു വന്നു കൊണ്ടേയിരുന്നു. പോസ്റ്റുമാർട്ടം മുറിയിൽ വച്ച് മരണത്തിന്റെ ദുർവാസനകൾക്കപ്പുറത്ത് ഇടക്കെല്ലാം ക്രിസാന്തമം പൂവുകൾ സ്പർശിച്ചപോലെ തുടുത്ത കവിളുകളുമായ് അവൾ രാജീവിനെ നോക്കി... അവനും അവളെ ഹൃദയം പൊള്ളി പ്രേമിച്ചു..

"ഇല്ല ... വെറുപ്പില്ല. വെറുത്തിട്ടില്ല.. സത്യം"

രാജീവ് അവളുടെ നെറ്റിയിലെ കുങ്കുമം പരത്തി.

“നുണ..” അവൾ രാജീവിന്റെ മൂക്കിനുമീതെ ഒരു പക്ഷിയെപ്പോലെ മൂക്കുരസി.

“സത്യം. ഇല്ലെങ്കിൽ ഞാനെന്റെ മോൾക്ക് ചാരുലക്ഷ്മീന്നു പേരിടുോ.”

“മ്മ്ഹ്. ഞാൻ വെറും പണയ ഉരുപ്പട്യാരുന്നു രാജൂ.. വെറും പണയപം.” അവളുടെ ദീർഘനിശ്വാസത്തിനു നല്ല ചൂടുണ്ടായിരുന്നു..

ശരിയായിരുന്നു. ജീവനുള്ള പണ്ടപ്പണയമായിരുന്നു അവൾ. രാജീവ് തലക്കുലുക്കി അവരുടെ അവസാനക്കാഴ്ചയിൽ, അച്ഛനെക്കാൾ ഏറെ മുതിർന്ന ഭർത്താവിനു പുറകിൽ, അവൾ തലകുനിച്ചു നിന്നു. കുറ്റബോധമോ കള്ളത്തരം തകർത്ത ജാള്യതക്കോ പകരം മുഖത്ത് വല്ലാത്തൊരു വേദന വിളറിയിരുന്നു. പാറി ലോറികളിൽ പൂവുകൾ നിറക്കുന്ന തമിഴ•ാർ രാജീവിനെ അത്ഭുത ജീവിയെന്നോണ്ണം നോക്കി. ഏക്കറുകളോളം പരന്നുകിടന്ന പൂവുകളുടെ പ്രപഞ്ചത്തിനു നടുവിലായ്, ഘടിക്കാരാകൃതി വീടിനു മുമ്പിൽ അയാൾ വിളറി നിന്നു.

മണങ്ങൾക്ക് സംസാരിക്കാനറിയാം. മണങ്ങൾക്ക് സൂചനകൾ നൽകാനറിയാം. പാിത്തമിഴ•ാരുടെ ഉടൽച്ചൂരിലെ വിയർപ്പിന്റെ പ്രാക്ഗന്ധം അയാൾക്ക് പലവിധ അപകട സൂചനകൾ നൽകി. ക്യാൻസർ രോഗികളുടെ റേഡിയേഷൻ റൂമിൽ വച്ച് ചാരുലക്ഷ്മി സമ്മാനിച്ച ചുംബനത്തിൽ, അപ്പോഴും അയാളുടെ പ്രാണൻ അറുന്നു കത്തിക്കൊിരുന്നു. ചുുകളിൽ മുദ്രിച്ച പല്ലടയാളങ്ങൾ അയാളെ നീറ്റി. ആസിഡ് വീണ് കരിഞ്ഞുപോയ തളിരിലകളെപ്പോലെ നീരുവറ്റി, ചുുകൾ പൊള്ളലോടെ വിറച്ചു നിന്നു.

ചാരുലക്ഷ്മി വിറക്കുന്നുണ്ടായിരുന്നു. പ്രേമത്തിന്റെ പ്രേതവിചാരണക്കൊടുവിൽ കിട്ടാൻ പോകുന്ന ശിക്ഷയോർത്ത് അവൾക്ക് ഉൾക്കിടിലമുായി. രാജീവിന്റെ പുറകിൽ രാൾ ദൂരത്തിൽ പാൻചവക്കുന്ന വലിയ തോട്ടക്കാരൻ അലവിയുടെ മഞ്ഞപിടിച്ച പൊറ്റപ്പല്ല് പരിഹാസത്തോടെ തുറിച്ചു നിന്നു. ഓർക്കിഡ് പൂവുകൾക്ക് വളമാകുവാൻ പോകും മുമ്പ് അവൾ വീും ഭയത്തോടെ രാജീവിനെ നോക്കി. വളപ്പുരയിലെ എല്ലുകൂനയിൽ ആരുമറിയാതെ പൊടിഞ്ഞൂർന്നു എല്ലുവളമായ അസംഖ്യം ആളുകളുണ്ടെന്ന് അവൾ, അവളുടെ അച്ഛൻ പറഞ്ഞ് കേട്ടിരുന്നു. എല്ലുകൾ കിലുങ്ങുന്നതിന്റെ “ക്ലക്ക് ക്ലക്ക്” ശബ്ദത്തിനിടയിൽ

അദൃശ്യാത്മാക്കളുടെ മൃതവിളികൾ നിലവിളിപോലെ അവളുടെ ചെവി യിൽ തല്ലിയലച്ചു.

"രാ... രാ..." വാക്കുകൾ പൂവിതൾ പോലെ പൊടിയുന്നു. വായ കലങ്ങുന്നു. അക്ഷരങ്ങൾ ക്രമം തെറ്റി വാക്കുകൾ അമ്പേ മറന്ന് ചാരു ലക്ഷ്മി നിസ്സഹായയായി. കേണൽ ഫോണെടുക്കാൻ പോയപ്പോൾ അവൾ വീണ്ടുമെന്തോ സംസാരിക്കുവാൻ ശ്രമിച്ചു.

"നാലരലക്ഷം രൂപയാണെന്റെ വെല... അത് തീർത്ത കേവല പ ണയ ഉരുപ്പടി മാത്രമാണ് ഞാൻ..." പ്രാണഭയം കാരണം അവളുടെ മുഖം വിളറി. ശബ്ദം ഇടറി.

കേണലിന്റെ ഗുമസ്തക്കാരനായ അച്ഛൻ പൂന്തോട്ടത്തിൽ തൂങ്ങി മരിച്ചതിനും ഇപ്പുറത്ത് രാഴ്ച കഴിഞ്ഞപ്പോഴാണ് അതുണ്ടായത്.

"അമ്മക്ക് നാപ്പത് വയസ്സാ... ചെറ്പ്പം തന്നെ. അനിയത്തിമാര് മൂന്നാ... അഞ്ച് പെണ്ണ്ങ്ങള് ചാകണെനെക്കാളും വേശ്യോളാവണേനെ ക്കാളും ഭേദല്ലേന്ന്ച്ചു. കേണൽ അങ്ങനൊരു കാര്യം പറഞ്ഞപ്പോ ഞാൻ സമ്മേച്ചു." പതിനാറ് വയസ്സിന്റെ നിസ്സഹായത. ചാരുലക്ഷ്മിയുടെ കണ്ണു കളിൽ പരൽ മീൻ തുടിച്ചു.

"ഞാൻ കേണലിന്റെ അഞ്ചാമത്തെ ഔദ്യോഗിക ഭാര്യയായി..."

പതിനാറു വയസ്സിന്റെ ധീരത. സ്വന്തം മനസ്സിനും ശരീരത്തിന ും അദൃശ്യമായൊരു എതിർലോഹ ഭിത്തികൾ കെട്ടി വൃദ്ധന്റെ പ്രേമമു റിയിൽ ചാരുലക്ഷ്മി പ്രായം തെറ്റിയ പെൺപാവയെപ്പോലെ കിടന്നു. കാമത്തിനും ആർത്തിക്കുമിടയിൽ, കേണൽ അവളുടെ മുഖത്തെ ശിശു സഹജമായ നിസ്സഹായത ക്. "പാവം... പാവം" എന്നു വാത്സല്യത്തോടെ കവിൾ തലോടി.

"കോടിക്കണക്കിന് സ്വത്ത്ണ്ട് കേണലിനു. കോടികള്... അയാ ളുടെ കുഞ്ഞിനെ വേന്നൊ വെക്കാൻ ഒരു പെണ്ണും മുതിരില്ല..." ചാരുല ക്ഷ്മി രാജീവിനെ കെട്ടിപ്പിടിച്ചു.

"രാജീവിനെ കണ്ടില്ലായിരുന്നെങ്കിൽ ഞാനും..."

ഒരു ദീർഘശ്വാസത്തിൽ അവളുടെ മേപ്പിളിലയുടെ മുകളാകൃ തിയുള്ള വയർ മനോഹരമായ് ഞണുങ്ങി. ഉടലിൽ, തൊലിയിൽ അഗ്നി

പഴുത്ത പോലെ പ്രേമം തീമിന്നലാളി.

“അന്നൊക്കെ രാജ്വോട്ള്ള എന്റെ പ്രേമം എച്ചിൽതീനി പട്ടീടെ പ്രേമം പോലെയാരുന്നു. എല്ല് തിന്നും പോലെ രഹസ്യായിട്ട്.. എന്നിട്ടും കേണലത് കുപിടിച്ചു.” ചാരുലക്ഷ്മി യക്ഷിയാണ്. നിലാവ് വീണപോലെ തിളങ്ങുന്ന തോളുകൾ. മഴകൊണ്ട്  തിണർത്ത പോലെ വിയർത്ത് നന വാർന്ന നെഞ്ച്.

> “അദ്ദേഹത്തിന് എല്ലാം അറിയാരുന്നു. മരിക്കുമ്പം പറഞ്ഞു ഞാനെത്ര ജീവിതം കു കുട്ടീ... എന്റെ കൈകൾ അദ്ദേഹം വാത്സ ല്യത്തോടെ മുറുക്കിപ്പിടിച്ചു. നീയെന്നോട് ക്ഷമിക്കണം. നിന്റെ ജീവിതം തകർക്കാനല്ല. മറ്റാരെക്കാളും ഞാൻ നിന്നെ പ്രേമിച്ചിരു ന്നു. അതോാ ഞാൻ നിന്നെ സ്വന്താക്ക്യേ.”
>
> ചാരുലക്ഷ്മിയുടെ ചുുകളിൽ ചുവപ്പാടിയ ഒരു വേദന നിറഞ്ഞു.
>
> “ഞാനദ്ദേഹത്തെ വെറുത്തിരുന്നു. എന്നിട്ടും എനിക്ക് അദ്ദേഹ ത്തോട് പലപ്പോഴും വല്ലാത്ത സ്നേഹം തോന്നി.”

രതിക്കിടയിൽ സ്ത്രീ കണ്ണടയ്ക്കുന്നത് പ്രേമം സഹിക്കാഞ്ഞാ ണെന്നു വിശ്വസിക്കുന്ന വിഡ്ഢികളാണ് ഭുരിഭാഗം പുരുഷ•ാരുമെന്നു രാജീവിനു തോന്നി വെറുപ്പ്, ആത്മനിന്ദ, പുച്ഛം, വേദന ഏതായിരുന്നി രിക്കും ചാരുലക്ഷ്മിയുടെ കൺപോളക്കകത്തെ ഇരുട്ടിൽ അപ്പോഴെല്ലാം പറ്റിനിന്നത്? യക്ഷിക്കു ബലിപ്പെട്ട മൂന്നു കുഞ്ഞുങ്ങൾ, ഛിദ്രിക്കപ്പെട്ട ചിന്തപോലെ പ്രസവമുറിയഴുക്കുചാലിൽ നിശബ്ദമാലിന്യമായൊഴു കി. നിരാകരണത്തോടെ, ആന്തരികമായ രോധങ്ങളുടെ പടച്ചട്ടകളോടെ, ഒരു ഹൃദയപ്പാതിയിൽ പ്രേമം കുഴിച്ചിടുകയും മറുപാതിയിൽ തനിക്കത ധാരാളമായ് നീട്ടുകയും ചെയ്ത ഇരുപതുകാരിയുടെ കണ്ണുകളിലെ ന ിഷ്കളങ്കത ഓർക്കാൻ രാജീവ് കിണഞ്ഞു ശ്രമിച്ചു.

ക്ലോക്കിൽ മണിമുട്ടി. ബധിരനായ ബിഥോവന്റെ അഞ്ചാം സിംഫണി, പാതിമുറിഞ്ഞ പല്ലിവാൽ പോലെ തുടിച്ചു.

***സമയം നാലരമണി.***

“രാജൂ... എല്ലാം അദ്ദേഹത്തിനറിയാരുന്നു. രാജൂന്റെ എല്ലാ കാര്യോം. എന്റെ ഒളിപ്രേമോം രാജൂന്റെ സങ്കടോം മൃദുലേ കല്യാണം കഴിച്ചതും മോളുണ്ടായതും അവൾക്കെന്റെ പേരിട്ടതും വരെ... നിങ്ങടെ

കല്യാണത്തിന്റെന്ന് സങ്കടപ്പെടാന്നു പറഞ്ഞ് ആശ്വസിപ്പിക്കാനുള്ള അലിവും കാട്ടി." ചാരുലക്ഷമി മുട്ടുകളിലേക്ക് മുഖം പൂഴ്ത്തി.

"മതി പഴേ കണക്കുകള്.. കല്യാണം കഴിഞ്ഞ് മൂന്നാമത്തെ പകലായ്ട്ടല്ലേ ഉള്ളൂ...?" രാജീവ് ചുിനെ ചൂയാക്കി. പരസ്പരം കൊളുത്തിയാൽ മരണം വരെ അഴിയാത്ത ചുുകളുടെ ഒരു അതിരഹസ്യവിദ്യ ചാരുലക്ഷ്മിക്കു കാണിച്ചു കൊടുത്തു.

"ഡും.. ഡും.. ഡും.." വാതിലിൽ ഒരു കുഞ്ഞുകൈ തട്ടുന്ന ചെണ്ട ശബ്ദം..
"അച്ഛാ.. ചാരുവാ ... തൊറക്ക്..." അവൾ തേൻകൊഞ്ചലോടെ കുണുങ്ങി.
"ഹഞ്ച് മിനുട്ട് മോളൂ.." രാജീവിന്റെ ശബ്ദം കിതപ്പാർന്ന ഒരു തീവ്രയായി.
"പന്ത് കളിക്കൂ.. മിറ്റത്ത് പുത്യേ പന്ത്ണ്ട്."
"വേണ്ട... കുട്ട്യോാരു ബൊക്കിണ്ടാക്കാം. കല്യാണബൊക്ക. കല്യാണപ്പെണ്ണിനും ചെക്കനും... ഒരു പൂവ്വ് ബൊക്ക... ബൊക്ക... ബൊക്ക..."

പാദസരരസമണിക്കിലുക്കങ്ങൾ പൊട്ടിച്ചിരിച്ച് ഓടിത്തീർന്നകലുന്നു. ചാരു പോകുന്നു. പൂവുകളിലേക്ക് എന്റെ കുഞ്ഞ് ചാരു പോകുന്നു.

*"നീയെന്റെ മോളെ അറിയ്യ്യോ ആയിഷാ?"*

*രാജീവ് ബെറ്റാഡിൻ വീണ വലതുകൈകൊ് അവളുടെ കവിളിൽ ആഞ്ഞടിച്ചു. അയാൾ വെളുത്ത റബ്ബർ ഉറ വലിച്ചു കയറ്റി. അഞ്ചു ലിംഗങ്ങളുള്ള പുരുഷന്റെ വലതുകൈ. അയാൾ പക മൂത്ത കണ്ണുകളോടെ പാപം പൂത്ത കൈകളോടെ അവളുടെ മുലകളെ അമർത്തി.*

*ആയിരം മൃതിയുരഗങ്ങൾ മണക്കുന്ന മുറി. നാരങ്ങാ വെളിച്ചത്തിന്റെ ചെന്നിക്കുത്തുണർത്തും മൂർച്ച. സിരയെ ലഹരിയോടെ തളർത്തുന്ന അനസ്തേഷ്യ മരുന്നുകൾ. വ്യാഘ്രനെപ്പോലെ നിലവിട്ടു അലറിയ പൾസോമീറ്റർ അവളുടെ വിരലിൽ നിന്നും അയാൾ ഊരിക്കളഞ്ഞു. ആയിഷയുടെ കണ്ണുകൾ നിറഞ്ഞു വന്നു. അർബുദം നീലിപ്പിച്ച മുലകൾ പക്ഷെ പകയോടെ ക്ഷോഭത്തോടെ എഴുന്നു തന്നെ നിന്നു. അവ അയാളെ ശ്വസിച്ചു. പൊത്തി നിന്ന എല്ലുപൊടിക്കൂനയിൽ അയാൾ കുഞ്ഞുചാരുവിന്റെ ജഡം വന്യമായ് പരതി.*

*"നെനക്കല്ലാം അറയാം. എല്ലാം... ഇല്ലേ ആയിഷാ? പക്ഷെ തോട്ട ക്കാരൻ അലവി നെന്റെ തന്ത്യാന്ന് എനിക്ക് മാത്രം അറിയില്ല. അല്ലേ?.. ആ പട്ടി അലവി."*

*ചാരുവിനെ ഓർത്തതും അയാൾക്ക് കരച്ചിൽ വന്നു. അയാളും കരഞ്ഞു. ഒരു പളുങ്കു മഴപോലെ ചിതറി, കണ്ണാടിച്ചില്ലിൽ പുരവ്യക്തമായി, ആയിഷയുടെ ശരീരത്തെ അത് നനച്ചുകൊണ്ട-ിരുന്നു.*

ആറു വർഷങ്ങൾ... എത്ര വൈകുന്നേരങ്ങൾ... എത്ര നാല രമണിയൊച്ച പ്രേതങ്ങൾ. പിന്നീടൊരിക്കലും രാജീവിനു ചാരുല ക്ഷ്മിയെ സ്പർശിക്കാനായില്ല. അവളുടെ ചർമ്മത്തിൽ വർഷങ്ങളായി ഉറങ്ങിക്കിടന്ന അദൃശ്യമായ പ്രേമത്തെ തിരുമ്മിയെടുത്ത അയാളുടെ കൈകൾ, ഓരോ സ്പർശത്തിലും നിസ്സഹായമായി വിറച്ചു. ഉണങ്ങിയ ചുണ്ടുകൾ ചേർക്കാനായുമ്പോൾ കുഞ്ഞു ചാരുവിന്റെ പാദസരക്കി ലുക്കം കേട്ടു. മുഷിഞ്ഞ ഷിമ്മീസിൽ പച്ചയുണങ്ങാത്ത രക്തക്കറയു മായ് ചാരു തന്റെ കുഞ്ഞു പ്രേതവാ പിളർത്തി. ചാരുലക്ഷ്മിയുടെ തിള ങ്ങുന്ന മിന്നൽത്തോളുകളിൽ അമർത്തിക്കെട്ടിപ്പിടിക്കാനാഞ്ഞപ്പോൾ ചാരുവിന്റെ പൊട്ടിച്ചിരികൾ അന്തരീക്ഷത്തിൽ ശുഭ്രമായ് മിന്നി. ഒരു പകലിലും ഒരിരവിലും ഒരു തണുക്കാറ്റിലും ഒരിരമ്പൻമഴയിലും ഒരു സ്ത്രീ ശരീരവും അതിനുശേഷം രാജീവിനെ ഉണർത്തിയില്ല. മരുന്നു കൾ തിന്നും ആത്മവിശ്വാസമുറപ്പിച്ചും ഒരു സമുദ്രയാത്രികനെപ്പോലെ ചാരുലക്ഷ്മിയിലേക്ക് നീന്താൻ ശ്രമിച്ചപ്പോഴെല്ലാം വാതിൽക്കൽ അവൾ കൈവിരൽ ചേർത്തു വേഗത്തിൽ മുട്ടി...

"ഡും... ഡും... ഡും... അച്ഛാ... അച്ഛാ... അച്ഛന്റെ ചാരുവാ..."

അയാൾ തലകുമ്പിട്ടു നിന്നു. ചാരുലക്ഷമിയുടെ തൊലിയിലെ ചൂടേറ്റ് രാജീവ് ഉരികിത്തിളച്ചു. അയാൾ ലജ്ജാകരമായ് തോറ്റു.

"കെട്ടി തൂക്കിയിട്ട ഈ സാധനം... ഈ സാധനമുണ്ടല്ലോ വെറുതെ മൂത്രമൊഴിക്കാനുള്ള ഒരു കുഴലല്ല." ചാരുലക്ഷ്മിയിലെ ആവി, യക്ഷിരൂപം പൂ് ഇടങ്കൈക്കൊ അയാളുടെ തോൽവിയെ തട്ടി ആക്രോശി ച്ചു.

"മറക്കാമ്പറ്റില്ല്യാത്രെ.. ച്ഛെ.. നീ എന്റെകൂടെ കെടന്നോണ്ടാണോ ചാരു മരിച്ചത്? നീയങ്ങനെ വിശ്വസിക്കുന്ന്ണ്ടോ രാജൂ? നൊണയൻ. നൊണ പറയാണ്. ഇദ് തൂക്കിടാണ്ട് ചെത്തി പട്ടിക്ക് തിന്നാങ്കൊട്ക്ക്..." വിശന്ന പെൺപുലിയുടെ ഉഗ്രവീര്യം. ചാരുലക്ഷ്മിയുടെ നഗ്നത അയാളെ ഒരു

ആയുധമെന്നോണം വെല്ലുവിളിച്ചു.

"ഷണ്ഡൻ... ഷണ്ഡൻ" അയാളുടെ മുഖത്ത് അവൾ തുപ്പൽ സമുദ്രത്തിരയായ് അലറി.

അയാൾ വിരുദിതവായെ കൈകൊ് പൊത്തി നിലത്ത് കുന്തിച്ചിരുന്നു. ആത്മനിന്ദയുടെ ലജ്ജാകരമായ പാപച്ചീളുകൾ, വിലാപശബ്ദത്തിൽ എന്നിട്ടും വിരലിലൂടെ ചിതറി.

*"കരയണ്ട. കരയണ്ട.." ആയിഷ രോഗാതുരമായ നെഞ്ചിൽ അയാളെ ചേർത്തു പിടിച്ചു.*

*"ഡോക്ടറെ ചാരു ചാരൂന്നല്ലേനോ ആ കുഞ്ഞീന്റെ പേര്? ഓളിപ്പം ഇണ്ടേരിന്നെങ്കി ഇന്റെ പ്രായൻന്നേനെല്ലെ?" അനസ്തേഷ്യ കുഴച്ചു തുടങ്ങിയ ആയിഷയുടെ നാവിൽ വാക്കുകൾ ദുരാത്മാക്കളെപ്പോലെ ഇഴഞ്ഞു.*

*"അരമണിക്കൂറ് കഴ്ഞ്ഞാ ദ് ചെത്തിക്കളയും. ഡോക്ടറന്നെ ചെത്തിക്കളയും. ഇല്ലേ? ചപ്പ്ലിടണ ര് കഷണം മാംസല്ലേദ്? കരയണ്ട... കരയണ്ട..." അവൾ തന്റെ അർബുദ നെഞ്ചിനെ അവസാനമായി സ്പർശിച്ചു.*

*ഡോക്ടർ രാജീവ് റബർ കയ്യുറയിലേക്ക് സർജിക്കൽ ബ്ളേഡ് എടുത്തു.*

*അയാൾക്ക് പെട്ടന്ന് ജോൺസൺ ബേബീ പൗഡർ മണത്തു. മല്ല് തുണിയിലെ കഞ്ഞിപ്പശമുക്കിയ പെറ്റിക്കോട്ട് മണത്തു. കല്യാണചെക്കനുവേി കുഞ്ഞിക്കൈകൊ് അവൾ കെട്ടിയ ഓർക്കിഡ് ബൊക്ക മണത്തു. അതിലെ തൂജയിലയുടെ ഉണക്കം മണത്തു. പാദസരമണിക്കിലുക്കം പെട്ടെന്നു നിന്നു. നിശബ്ദത. അയാളൊരു നിമിഷം ഞെട്ടി. "ഡും ഡും ഡും" അവളുടെ കൈകൾ വാതിലിൽ മുട്ടി....*

*"പൊന്നച്ചാ വാതിലു തൊറക്ക്... ചാരുവാ.. ചാരൂന്ന് കരച്ചില് വരണ്."*

*അയാൾ ചാരുവിന്റെ കരച്ചിൽ കേട്ടു. അയാൾ, മുഴുമയക്കത്തിലെ ആയിഷയുടെ നിസ്സഹായമായ തേങ്ങൽ കേട്ടു.*

*ചുവന്ന തു് കഷണം ഇറച്ചി പോലെ ആയിഷയുടെ മരിച്ച മുലകൾ ഡോ. രാജീവിന്റെ കയ്യിലിരുന്നു വിറച്ചു.*

*ഫോർമാലിൻ ദ്രാവകത്തിലേക്ക് അയാൾ അവയെ ഭയത്തോടെ വലിച്ചെറിഞ്ഞു. പ്ലും ം എന്ന് അവ കുപ്പിക്കടിയിലേക്ക് താണുപോയി. ചാരുവിന്റെ ജഢം പ്പൂ തലയുയർത്തിയ, എല്ലുപൊടിക്കൂനയുടെ അതേ അഹന്തയോടെ അവ ലംബമായ് നിന്നു. ചോരകലങ്ങി ഫേ ാലിൻ ചുവന്നു. കണ്ണീർച്ചുറയാത്ത നിസ്സംഗതയോടും പുച്ഛത്തോടും ു മുലക്കണ്ണുകളും ദൈവത്തിന്റെ ഒരിക്കലും ചിമ്മാത്ത കണ്ണുകളെപ്പോലെ രാജീവിനെ വന്യമായ് തുറിച്ചു നോക്കിക്കൊണ്ടേയിരുന്നു.*

*നഗ്നമായ സ്ത്രീയുടലിനു മുമ്പിൽ, എല്ലായ്പ്പോഴു പരാജയപ്പെട്ട ഒരു ഷണ്ഡനെപ്പോലെ ദയനീയമായ് നിലവിളിച്ചുകൊ് അയാൾ അവളുടെ ശരീരം കൂട്ടിത്തുന്നിക്കൊണ്ടിരുന്നു.*

****************************

ഇന്ദു മേനോൻ